"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2025-26-കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം- 'ഗവേഷണവും വികസനവും സുസ്ഥിര നിർമ്മാണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും' എന്ന പദ്ധതിയ്ക്ക് തുക റിലീസ് ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.41/2025/HSG തീയതി,തിരുവനന്തപുരം, 03-10-2025

---

പരാമർശം:- 1. സ. ഉ. (സാധാ) നം. 32/2025/HSG തീയതി 18.07.2025

2. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ 26.07.2025-ലെ KESNIK/541/2025-AM2 (ACTS) നമ്പർ കത്ത്.

സംസ്ഥാന സർക്കാരിന്റെ 2025-26 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 'ഗവേഷണവും വികസനവും സുസ്ഥിര നിർമ്മാണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും' എന്ന പദ്ധതിയ്ക്കായി 2216-80-101-98 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുത്തുകയും പരാമർശം (1) പ്രകാരം പ്രസ്തുത തുകയിൽ നിജപ്പെടുത്തി പദ്ധതിയ്ക്ക് ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്.

2. 'ഗവേഷണവും വികസനവും സുസ്ഥിര നിർമ്മാണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ റിലീസ് ചെയ്ത് നല്കണമെന്ന് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 'ഗവേഷണവും വികസനവും സുസ്ഥിര നിർമ്മാണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും' എന്ന പദ്ധതിയ്ക്ക് ആദ്യ ഗഡുവായി 2216-80-101-98 എന്ന ശീർഷകത്തിൽ 10,00,000/- (പത്തു ലക്ഷം രൂപ മാത്രം) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ച് ഉത്തരവാകുന്നു.

4. അടുത്ത റിലീസിനുള്ള ശിപാർശയോടൊപ്പം 09.01.2020-ലെ സ. ഉ. (കൈ) നം. 04/2020/ധന പ്രകാരമുള്ള ആദ്യ ഗഡുവിന്റെ വിനിയോഗ സാക്ഷ്യപത്രം , ചെലവ് സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് , പദ്ധതിയുടെ അതുവരെയുള്ള പ്രവർത്തി പുരോഗതി റിപ്പോർട്ട് എന്നിവയും അടിയന്തരമായി ആവശ്യമായ തുകയുടെ വിവരങ്ങളും കൂടി ലഭ്യമാക്കേണ്ടതും ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതുമാണ്.

1. 16.04.2018-ലെ സ. ഉ. (പി) നം. 62/2018/ധന-യിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.
2. 09.12.2008-ലെ സർക്കുലർ നം. 84/2008/ധന-യിലെയും 31.01.2018-ലെ സർക്കുലർ നം. 08/2018/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
2. ഹൗസിംഗ് കമ്മീഷണർ, ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
5. ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (3247148/WW-WW1/123/2025- Fin Dated 26.09.2025)
6. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
7. ഐ& പി. ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
Date: 03-10-2025 17:25:54
സെക്ഷൻ ഓഫീസർ